"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 13-01-2021

## സർക്കുലർ നം 6/2021

സൂചന : 01.06.2016 തീയതിയിലെ 43/2016 എന്ന നം. സർക്കുലർ

സൂചനയിലെ സർക്കുലർ പ്രകാരം ജയിലുകളിൽ തടവുകാരെ അകാരണമായി മർദ്ദിക്കാതിരിക്കാൻ എല്ലാ ജയിൽ സൂപ്രണ്ടുമാരും ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ജയിൽ സ്ഥാപനങ്ങളിൽ തടവുകാർ ഉദ്യോഗസ്ഥന്മാരുമായി മന:പൂർവ്വം പ്രകോപനം സൃഷ്ടിക്കുന്നതും തുടർന്ന് സംഘർ ഷമുണ്ടാക്കുന്നതും അതിന്മേൽ ബലപ്രയോഗത്തിന് സാഹചര്യമുണ്ടാകുന്നതും സംബന്ധിച്ച് റിപ്പോർട്ടുകൾ സമീപകാലത്ത് ശ്രദ്ധയിൽ പെടുന്നുണ്ട്. ഒരു തരത്തിലുമുള്ള മൂന്നാം മുറയോ നിയമവിധേയമല്ലാത്ത ബലപ്രയോഗമോ മാൻ ഹാൻഡിലിംഗോ ജയിലുകളിലുണ്ടാകാൻ പാടില്ലെങ്കിലും ഇത്തരം സാഹചര്യങ്ങളെത്തുടർന്ന് വരുന്ന പരാതികളിൽ ജയിലുദ്യോഗസ്ഥർ കോടതികളുടെയും മറ്റ് അന്വേഷണ ഏജൻസികളുടെയും മുന്നിൽ കുറ്റക്കാരോ കുറ്റാരോപിതരോ ആകുന്ന സ്ഥിതിയും വർദ്ധിച്ചുവരുന്നു.

പ്രശ്നക്കാരായ തടവുകാരുടെ മുൻ ചെയ്തികൾ ഉൾപ്പെടുന്ന റിപ്പോർട്ടുകൾ, നിയമ ലംഘനങ്ങളുടെ വിവരങ്ങൾ, റജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ, സിസിടിവി ദൃശ്യങ്ങൾ, മെഡിക്കൽ രേഖകൾ എന്നിവ നിയമപരമായും ജീവനക്കാരുടെ ചട്ടപ്രകാരമുള്ള ഡ്യൂട്ടി നിർവ്വഹിക്കാൻ സഹായിക്കുന്ന വിധത്തിലും കൃത്യമായി സൂക്ഷിക്കാൻ കർശന നിർദ്ദേശം നൽകുന്നു. ജയിലുകളിൽ ജീവനക്കാരുടെ നിയമപരമായ നിയന്ത്രണത്തെയും ഡ്യൂട്ടി നിർവ്വഹണത്തെയും തടസ്സപ്പെടുത്തുന്നത് വഴി തടവുകാരുടെ നിയമ ലംഘനത്തിനുള്ള ഏത് ശ്രമവും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്ന വിധത്തിൽ ശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ എല്ലാ സ്ഥാപന മേധാവികളോടും നിർദ്ദേശിക്കുന്നു.

ജയിലിന്റെ ചുമതലയിൽ ഉൾപ്പെടുന്ന ജുഡീഷ്യൽ ഓഫീസർമാരുമായിട്ടും പ്രൊബേഷൻ ഓഫീസർമാരുമായും പോലീസ് ഓഫീസർമാരുമായും കൃത്യമായ ലെയ്സൺ ഉണ്ടാക്കുകയും ജയിലിലെ ഇത്തരം സാഹചര്യങ്ങൾ അവരെ ഇടവിട്ട് ധരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

DIG(HQ)-1213/2021/PrHQ

aa5476

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും